**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **30-09-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരി ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ ലൈസൻസികൾക്ക് സംസ്ഥാന സർക്കാർ ഉത്സവബത്ത നൽകുന്നുണ്ടോ; മുൻ വർഷങ്ങളിൽ ഉത്സവബത്തയായി പ്രഖ്യാപിച്ച തുക നൽകാൻ ബാക്കിയുണ്ടോ; റേഷൻ ലൈസൻസികൾക്ക് ഈ ഓണക്കാലത്ത് ഉത്സവബത്ത നൽകിയില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റേഷൻ ലൈസൻസികൾക്ക് നിലവിൽ സംസ്ഥാന സർക്കാർ ഉത്സവബത്ത നൽകുന്നില്ല. എന്നാൽ 2022-ലും 2023-ലും ഓണക്കാലത്ത് റേഷൻവ്യാപാരികൾക്ക് 1,000/- രൂപ വീതം ഓണറേറിയം അനുവദിച്ച് നൽകിയിരുന്നു. 2025 ഓണക്കാലത്ത് ഉത്സവബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള റേഷൻ വ്യാപാരി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിരുന്നു. |
| (ബി) | ഓണക്കാലത്ത് കിറ്റ് നൽകിയതിന് റേഷൻ ലൈസൻസികൾക്ക് കമ്മിഷൻ നൽകാൻ ബാക്കിയുണ്ടോ; എത്ര തുകയാണ് നൽകാനുള്ളത്; 2025 ലെ ഓണക്കാലത്ത് കിറ്റ് നൽകിയ ഇനത്തിൽ എത്ര രൂപയാണ് നൽകാനുള്ളത്; വ്യക്തമാക്കാമോ; | (ബി) | ഓണക്കാലത്ത് നടത്തുന്ന കിറ്റ് വിതരണത്തിന് പ്രത്യേകം കമ്മീഷൻ നൽകുന്നില്ല. എന്നാൽ ഓണക്കാലത്ത് സ്പെഷ്യൽ അരി വിതരണം ചെയ്ത വകയിൽ കമ്മീഷൻ ഇനത്തിൽ റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിച്ചിട്ടുണ്ട്. |
| (സി) | റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോ; എന്നു മുതലാണ് ക്ഷേമനിധി ആരംഭിച്ചത്; എത്ര പേരാണ് അംഗങ്ങളായിട്ടുള്ളത്; എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വ്യാപാരികളും സർക്കാരും ഇതിൽ നൽകുന്ന വിഹിതം എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉണ്ട്. 01.01.2000-ലാണ് കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആരംഭിച്ചത്. നിലവിൽ 11666 അംഗങ്ങൾ ക്ഷേമനിധിയിലുണ്ട്. പെൻഷൻ, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, മരണാനന്തര ധനസഹായം, അംശാദായം തിരികെ നൽകൽ (പ്രതിമാസം ലൈസൻസി അടവാക്കുന്ന തുക) എന്നീ ആനുകൂല്യങ്ങളാണ് കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും നിലവിൽ അനുവദിച്ച് വരുന്നത്. നിലവിൽ അംഗങ്ങളായ റേഷൻ വ്യാപാരികളിൽ നിന്ന് 200/-രൂപ അംശാദായ ഇനത്തിൽ പ്രതിമാസം ഈടാക്കുന്നുണ്ട്. വ്യാപാരികളുടെ വിഹിതം കൂടാതെ മൂന്ന് തവണയായി അഞ്ചരക്കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | റേഷൻ വ്യാപാരി ക്ഷേമനിധിയിൽ ഏതെല്ലാം ആനുകൂല്യങ്ങളിൽ എത്ര തുകയാണ് നൽകാൻ ബാക്കിയുള്ളത്; ഏതു വർഷം മുതലുള്ള തുകയാണ് കുടിശികയുള്ളത്; വ്യാപാരി ക്ഷേമനിധി ഓഫീസിൽ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരാണ് ഉള്ളത്; ഇവർക്കു ശമ്പളം നൽകാൻ എത്ര രൂപയാണ് | (ഡി) | സാമ്പത്തിക പ്രതിസന്ധി മൂലം കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്ന് കുടിശ്ശികയായ ആനുകൂല്യങ്ങളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | പ്രതിമാസം ചെലവിടുന്നത്; ഈ തുക ക്ഷേമനിധിയിൽ നിന്നാണോ നൽകുന്നത്; വ്യക്തമാക്കാമോ? | | മേൽ ആനുകൂല്യങ്ങളിലായി നിലവിൽ രണ്ട് കോടി ഒരുലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി നൂറ്റി അറുപത്തി രണ്ട് രൂപ കുടിശ്ശികയായുണ്ട്. ലഭ്യമാകുന്ന വരവിനത്തിലെ തുകയിൽ നിന്നും ത്രൈമാസ പെൻഷൻ ഉൾപ്പെടെയുള്ള പ്രധാന ചെലവ് കഴിഞ്ഞ് അവശേഷിക്കുന്ന തുകയിൽ നിന്നും മേൽ പ്രകാരം പാസായ കുടിശ്ശികയുള്ള ആനുകൂല്യങ്ങൾക്ക് തുക കണ്ടെത്തുന്നുണ്ട്. കുടിശ്ശികയായ ആനുകൂല്യങ്ങളുടെ കാലയളവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.<br><br>നിലവിൽ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ 7 ഉദ്യോഗസ്ഥരാണ് ജോലി ചെയ്ത് വരുന്നത്. 2025 ഓഗസ്റ്റ് മാസത്തെ ശമ്പളത്തിനായി 4,22,510/- രൂപ ചെലവ് വന്നിട്ടുണ്ട്. വിവിധ കാലയളവുകളിലായി 3 തവണയായി സർക്കാരിൽ നിന്നും അഞ്ചര കോടി രൂപ കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിലേക്ക് അനുവദിച്ചിട്ടുണ്ട്. ആയതുൾപ്പെടെ ക്ഷേമനിധിയ്ക്ക് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ 8,35,15,005/- രൂപ സ്ഥിര നിക്ഷേപമായി നിലവിലുണ്ട്. ആയതിൽ നിന്നും പ്രതിവർഷം ലഭ്യമാകുന്ന പലിശയിനത്തിലെ തുകയും ക്ഷേമനിധിയുടെ തനത് ഫണ്ടും ഉപയോഗിച്ചാണ് ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ഭരണചെലവുകൾക്കുള്ള തുക കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ

| നം. | ഇനം | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | അംശാദായം തിരികെ നൽകൽ | 1,29,10,432/- | 2022 മുതൽ പാസായ അപേക്ഷകളിൽ കുടിശ്ശിക അനുവദിക്കുവാനുണ്ട് |
| 2 | മരണാനന്തര ധനസഹായം | 16,91,730/- | 2023 മുതൽ പാസായ അപേക്ഷകളിൽ കുടിശ്ശിക അനുവദിക്കുവാനുണ്ട് |
| 3 | പെൻഷൻ കുടിശ്ശിക(ഇനി അനുവദിക്കേണ്ടവർ) | 55,89,000/- | 22.03.2023 ലെ 86-ാ മത് മാനേജിംഗ് കമ്മിറ്റിൽ പാസാക്കിയ പെൻഷൻ അപേക്ഷകൾ മുതൽ |
| | ആകെ | 2,01,91,162/- | |